(ഇ) എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(എഫ്) സംസ്ഥാനത്ത് ആകെ എത്ര പഞ്ചായത്ത് സ്കൂളുകളാണ് നിലവിലുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ജി) ഈ സ്കൂളുകളെ സർക്കാർ ഏറ്റെടുത്ത് പഞ്ചായത്ത്-സർക്കാർ സ്കൂളുകളെ ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 6-10-1995-ലെ സർക്കാർ ഉത്തരവ് (എം. എസ്.) നമ്പർ 218/95/ത. ഭ. വ. പ്രകാരം പഞ്ചായത്ത് സ്കൂളുകളിലെ അദ്ധ്യാപകനിയമനം പി. എസ്. സി. മുഖേനയാണ് നടത്തേണ്ടത്.

(ബി) പഞ്ചായത്ത് സ്കൂളുകളും എയിഡഡ് സ്കൂളുകളും ആയതിനാൽ സർക്കാർ സ്കൂളുകളിൽ നിന്നും പഞ്ചായത്ത് സ്കൂളുകളിലേക്ക് സ്ഥലം മാറ്റം നൽകാറില്ല.

(സി) ബാധകമല്ല.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

(എഫ്) പ്രസ്തുത കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ജി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

പ്ലസ് ടു സ്കൂളുകളിലേയ്ക്കുള്ള മാനേജ്മെന്റ് നിയമനം

78 [1619] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) പ്ലസ് ടു സ്കൂൾ അദ്ധ്യാപക-അദ്ധ്യാപകേതര തസ്തികകളിലേക്ക് സ്കൂൾ മാനേജർമാർ നടത്തുന്ന നിയമനം അംഗീകരിക്കുന്നതിന് ഹയർസെക്കൻഡറി ഡയറക്ടറേറ്റിൽ കാലവിളംബം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ചുള്ള എത്ര കേസുകളാണ് ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ നിലവിലുണ്ടെന്നുള്ളതിന്റെ കണക്ക് ജില്ല തിരിച്ച് വെളിപ്പെടുത്താമോ;

(സി) ഈ പ്രപ്പോസലുകളിൻമേൽ തീർപ്പു കല്പിക്കുന്നതിന് നിലവിലെന്തെങ്കിലും മാനദണ്ഡം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പെൻറിങ്ങിലുള്ള പ്രൊപ്പോസലുകളിൻമേൽ സമയബന്ധിതമായി തീർപ്പ് കല്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ–സി) 2002-2003 അദ്ധ്യയന വർഷം മുതലുള്ള അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. ഇതിനുള്ള നടപടികളും പുരോഗമിക്കുന്നു. 2002-2003 അദ്ധ്യയന വർഷത്തിനുമുമ്പ് നടന്ന നിയമാനുസൃതമായിട്ടുള്ളതും സാങ്കേതിക തടസ്സങ്ങളില്ലാത്തതുമായ എല്ലാ നിയമനങ്ങളും

† അനുബന്ധം V.

LIBRARY ARCHIVES Kerala Legislative Assembly

അംഗീകരിച്ചിട്ടുണ്ട്. ലാബ് അസിസ്റ്റന്റ് തസ്തികകളിൽ ശരിയായ രീതിയിൽ നടത്തിയിട്ടുള്ള എല്ലാ നിയമനങ്ങൾക്കും അംഗീകാരം നൽകി കഴിഞ്ഞു.

(ഡി) തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പെൻറിങ്ങിലുള്ള പ്രൊപ്പോസലുകളിൽ നടപടി സ്വീകരിക്കുന്നതാണ്.

കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ നടപടി

79 [1621] ശ്രീ. വി. ചെന്താമരാക്ഷൻ:
,, ടി. കെ. ദേവകുമാർ:
,, എം. വി. ജയരാജൻ:
,, മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗവൺമെൻറ് കോളേജുകളിലും എയ്ഡഡ് കോളേജുകളിലും പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാരിൻെറ നയം വ്യക്തമാക്കാമോ;

(ബി) പ്രീഡിഗ്രി വേർപ്പെടുത്തിയതിനെ തുടർന്ന് ലഭ്യമായ ഭൗതിക സാഹചര്യം ഉപയോഗിച്ച് നിലവിലുള്ള കോളേജുകളിൽ പുതിയ കോഴ്സുകൾ തുടങ്ങാൻ ഇടതുപക്ഷ ജനാധിപത്യ ഗവൺമെൻറ് തീരുമാനിച്ചിരുന്നോ; എങ്കിൽ എത്ര കോഴ്സുകൾ തുടങ്ങാനാണ് തീരുമാനിച്ചത്;

(സി) 2001-02 സ്കൂൾ വർഷം മുതൽ ഇതേവരെ എത്ര കോഴ്സുകളാണ് പുതുതായി സർക്കാർ കോളേജുകളിൽ ആരംഭിച്ചത്. ഈ കോഴ്സുകൾ നടത്തുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ വർഷം പുതിയ കോഴ്സുകൾ ലഭിക്കാത്ത കോഴിക്കോട്, പാലക്കാട്, വയനാട് ജില്ലകളിലെ ഗവൺമെൻറ് കോളേജുകൾക്ക് ഈ വർഷം പ്രത്യേക പരിഗണന നൽകി കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഗവൺമെൻറ് കോളേജുകളിൽ കോഴ്സുകൾ അനുവദിക്കുന്നുണ്ട്. എയ്ഡഡ് കോളേജുകളിൽ അൺ എയ്ഡഡ്/സെൽഫ് ഫിനാൻസിംഗ് അടിസ്ഥാനത്തിലും കോഴ്സുകൾ അനുവദിക്കുന്നുണ്ട്.

(ബി) വിവിധ ഗവൺമെൻറ് എയ്ഡഡ് കോളേജുകളിൽ 190 കോഴ്സുകൾ തുടങ്ങാൻ തീരുമാനിച്ചിരുന്നു. എന്നാൽ സർക്കാരിൻെറ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത്, പ്രസ്തുത കോഴ്സുകൾ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരുത്തിവെക്കാതെ പുതിയ അധ്യാപക അനധ്യാപക ജീവനക്കാരെ നിയമിക്കാതെയും നിലവിലുള്ള അധ്യാപകരുടെ സേവനം മാത്രമേ പ്രയോജനപ്പെടുത്താൻ പാടുള്ളൂ എന്നും നിഷ്കർഷിച്ച് സർക്കാർ ഉത്തരവിട്ടിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചു വരുകയാണ്.

(ഡി) ഇക്കാര്യം സർക്കാരിൻെറ പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly